ശ്രീ. ആർ. ശങ്കർ: കുറെക്കാലമായി അവിടെ ചില തകരാറുകൾ ഉണ്ട്. ആ കാളേജിന്റെ ആദ്യത്തെ മാനേജ്മെന്റു മാറി ഇടയ്ക്കൊരു മാനേജ്മെന്റ് വരാനിടയായതുതന്നെ അപ്പോഴത്തെ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനുദ്ദേശിച്ചാണ്. പിന്നെയും കുഴപ്പം തുടർന്നുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ഇനിയും ഈ കുഴപ്പങ്ങൾ തുടർന്നുകൊണ്ടുപോയി കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കാതിരിക്കുന്നതിന് യൂണിവേഴ്സിറ്റി ഇടപെടുന്നുണ്ട്. ഗവണ്മെന്റ് ഇടപെടേണ്ട സന്ദർഭം വന്നാൽ ഇടപെടുന്നതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: അടുത്തുതന്നെ കാളേജു തുറന്നു പ്രവർത്തനം ആരംഭിക്കുമെന്നുള്ള തീരുമാനം പത്രങ്ങളിൽക്കണ്ടു. ഇതുവരെ അടച്ചിട്ടതു എന്തുകൊണ്ടാണെന്നു ഗവണ്മെന്റിനു ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നു പറയുകയുണ്ടായി. ശരിയായ വിവരങ്ങൾ കിട്ടാനുള്ള തടസ്സങ്ങൾ എന്താണ്?

ശ്രീ. ആർ. ശങ്കർ: ഇതു യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സഹകാര്യ മാനേജ്മെന്റു കാളേജാണ്. യൂണിവേഴ്സിറ്റിവഴിയാണ് ഗവണ്മെന്റ് വിവരങ്ങൾ ശേഖരിക്കുന്നതു. യൂണിവേഴ്സിറ്റിയിൽ നിന്നും തരുന്ന വിവരങ്ങൾ വച്ചേ ഗവണ്മെന്റിനു മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഈ. പി. ഗോപാലൻ: മാനേജ്മെന്റും അവിടെ പ്രവർത്തിക്കുന്ന അദ്ധ്യാപകരും തമ്മിൽ ശമ്പളം, സർവീസ് കണ്ടിഷൻസ് എന്നിവ സംബന്ധിച്ച് ഇന്നു തർക്കങ്ങൾ നിലവിലുണ്ട്. ഇക്കാര്യത്തിൽ അദ്ധ്യാപകരുടെ അവകാശങ്ങൾ നിലവിലുള്ള നിയമമനുസരിച്ച് സംരക്ഷിച്ചുകൊടുക്കേണ്ട ചുമതല ഗവണ്മെന്റിനില്ലേ? യൂണിവേഴ്സിറ്റിക്കാണ് ചുമതലയെന്നു പറഞ്ഞു ഗവണ്മെന്റ് നിഷ്പക്ഷത പാലിച്ചിരിക്കുന്നതു ശരിയാണോ? ഗവണ്മെന്റ് ഉടൻതന്നെ വേണ്ട നടപടികളെടുക്കുമോ?

ശ്രീ. ആർ. ശങ്കർ: പ്രൈവറ്റു കാളേജുകളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന് നേരിട്ടുള്ള ഇടപാടുകളില്ല. എല്ലാം യൂണിവേഴ്സിറ്റി വഴിയാണ് നടത്തുന്നതു. എന്തെങ്കിലും വളരെ ഗുരുതരമായ അവസ്ഥ സംജാതമായി ഗവണ്മെന്റു സ്വന്തമായ അധികാരങ്ങൾ ഉപയോഗിച്ച് ഇടപെട്ടേ മതിയാകൂ എന്നതോന്നിയാൽ അതിനെപ്പറ്റി ആലോചിക്കുമെന്നല്ലാതെ സാധാരണഗതിയിൽ യൂണിവേഴ്സിറ്റി വഴിയല്ലാതെ ഈ കാളേജുകളുമായി ഏർപ്പാടുകളൊന്നുമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ലോകപ്രസിദ്ധനായ ഒരു മഹാന്റെ ജന്മസ്ഥലത്തു് അദ്ദേഹത്തിന്റെ നാമധേയത്തിൽ നടത്തിവരുന്ന ഈ കാളേജ് ഗവണ്മെന്റ് ഏറ്റെടുത്തു് ഒരു മാതൃകാസ്ഥാപനമായി നടത്തുവാൻ ശ്രമിക്കുന്നുമെന്നകാര്യത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ ഒരു പ്രശ്നം ഇതുവരെ ഉദിച്ചിട്ടില്ല.

റോക്കറ്റു വിക്ഷേപണം സംബന്ധിച്ചു സംസ്ഥാനഗവണ്മെന്റിന്റെ ചുമതലകൾ.

* 913. [54] ശ്രീ. എം. എം. മണിയായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുമ്പയിൽനിന്നും ഇക്കഴിഞ്ഞ 21-ാംനു നടത്തിയ റോക്കറ്റു വിക്ഷേപണം സംബന്ധിച്ചു് ഈ ഗവണ്മെന്റിനു് എന്തെങ്കിലും ചുമതലകളുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണു്;

(ബി) റോക്കറ്റു വിക്ഷേപണം സംബന്ധിച്ചു് ഈ ഗവണ്മെന്റിനു വല്ല ചെലവുകളുമുണ്ടോ;

(സി) വിക്ഷേപണകേന്ദ്രത്തിൽ സംസ്ഥാന ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കഴിഞ്ഞ 21-ാംനു- നടന്ന വിക്ഷേപണം സംബന്ധിച്ച ചൂമതല പ്രധാനമായും ഇൻഡ്യാഗവണ്മെൻറിനും അവരുടെ ആഭിമുഖ്യത്തിലുള്ള തേക്കിയ ശൂന്യാകാശ ഗവേഷണ സമിതിക്കുമായിരുന്നു. അപകടമേഖലയിൽ നിന്നും പൊതുജനങ്ങളെ മാറുന്നതിനും പൊതുജനങ്ങൾക്കു വേണ്ട മുന്നറിയിപ്പു നൽകുന്നതിനും വിക്ഷേപണസ്ഥലത്തു സംരക്ഷണം നൽകുന്നതിനും മറ്റും സംസ്ഥാനഗവണ്മെൻറ ചില നടപടികളും എടുത്തിട്ടുണ്ടു്.

(ബി) വിക്ഷേപണം സംബന്ധിച്ച ചെലവുകളൊന്നും ഈ ഗവണ്മെൻറു വഹിക്കേണ്ടതായിട്ടില്ല. എന്നാൽ വിക്ഷേപണകേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ചു് ചില സഹായസഹകരണങ്ങളും സംസ്ഥാനഗവണ്മെൻറു ചെയ്യുന്നുണ്ടു്.

(സി) സ്ഥാന പൊതുമരാമത്തുവകുപ്പിൽ നിന്നും 5 ഉദ്യോഗസ്ഥന്മാർ വിക്ഷേപണകേന്ദ്രത്തിലെ ജോലി സംബന്ധിച്ചു് വിട്ടുകൊടുത്തിട്ടുണ്ടു്.

Setting up of Fair Price Shops

✻ 914. [55] **Shri R. Sugathan:** Will the Minister for Food and Agriculture be pleased to state:

(a) has the Government called any Tripartite meeting for implementing the resolution of the S. L. C. of the I. L. C. regarding the setting up of Fair Price Shops in this State;

(b) how many private employers have set up Fair Price Shops;

(c) has any plantation owner set up Fair Price Shop; and

(d) has any Public Sector undertaking set up any such Fair Price Shops?

Minister for Food and Agriculture (**Shri E. P. Poulose**):

(a) No tripartite meeting has so far been held by Government.

(b) Six.

(c) Yes. 6 Plantation owners have set up Fair Price Shops.

(d) No.

ശ്രീ. ആർ. സുഗതൻ: ആ തോട്ടമുടമകളും ആരെല്ലാമാണെന്നു പറയാമോ?

Shri E. P. Poulose: They are:—

1. Pasumalay Estate, Vandiperiyar.
2. Alampally Estate, Pasuparai.
3. Sentinal Rock Estate, Meppadi.
4. Poottoomala Estate, Puttumala.
5. Kinaloor Estate, Balusseri.
6. Amalgamated Coffee Estate, Balusseri.

ശ്രീ. ഇ. പി. ഗോപാലൻ: അരിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വില ഒരു നിലവാരത്തിൽ എത്തിക്കുന്നതിനു് ഗവണ്മെൻറു് എന്തെല്ലാം നടപടികളാണു് എടുക്കാനുദ്ദേശിക്കുന്നതു്?

ശ്രീ. ഇ. പി. പൗലോസു്: ഇതുവരെ എടുത്തിട്ടുള്ള നടപടികളും പല പ്രാവശ്യം മുമ്പു പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ അരിവില കൂടിയതിന്റെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly